# ക്രിസ്ത്യൻ വേൾഡ്

Christian world

ഒരു ക്രൈസ്തവ എഴുത്തുപുര പ്രസിദ്ധീകരണം

2017 ജനുവരി 1 | വാല്യം 12 | ലക്കം 1 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8


## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 17 ന് ആരംഭിക്കും

ഷാജൻ ജോൺ ഇടയ്ക്കാട്/
സാം യു. ഇളമ്പൽ/
ജോൺസൺ സാമൂവേൽ



പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 17 ചൊവ്വ മുതൽ 22 ഞായർ വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ നടക്കും. 17ന് വൈകിട്ട് ആറിനു നടക്കുന്ന പ്രാരംഭ പൊതുയോഗത്തിൽ സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമുവേൽ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വ മുതൽ ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും.

ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഡിസ്ട്രിക്ട് ട്രഷറാർ പാസ്റ്റർ എ. രാജൻ ജനറൽ കോ- ഓർഡിനേറ്ററായുള്ള വിപുലമായ കമ്മറ്റി രൂപികരിച്ച് പ്രവൃത്തനം ആരംഭിച്ചു. പബ്ലിസിറ്റി പാസ്റ്റേഴ്സ് എ. ഷാജി, പി.കെ യേശുദാസ്, ജോസ് ടി. ജോർജ്, ടി. ഫിലിപ്പ്. പന്തൽ പാസ്റ്റേഴ്സ് ഓ. സജിമോൻ, സജി ടി. ഏബ്രഹാം. മീഡിയാ ഷാജൻ ജോൺ ഇടയ്ക്കാട് പാസ്റ്റേഴ്സ് ജോൺസൺ സാമുവേൽ, സാം . യു ഇളമ്പൽ. വാളന്റിയേഴ്സ് പാസ്റ്റേഴ്സ് ബി.സി ചന്ദ്രൻ, ബ്ലസ്സൻ ജോൺ, താമസ സൗകര്യം പാസ്റ്റേഴ്സ് ഏബ്രഹാം തോമസ്, ഡി. ജോയി, ലൈറ്റ്& സൗണ്ട് പാസ്റ്റേഴ്സ് കെ. വൈ വിൽഫ്രഡ് രാജ്, കെ.എസ്. സുരേഷ് പ്രാർത്ഥന പാസ്റ്റേഴ്സ് മാത്യൂസ് കോശി, ടി.ഒ. പത്രോസ്, ജോസഫ് കുര്യൻ, ടി.എസ്. സ്റ്റ്യുവർട്ട് ഗതാഗതം പാസ്റ്റേഴ്സ് ഷാബു ജോൺ, ബിജി ഫിലിപ്പ്, കർതൃമേശ പാസ്റ്റേഴ്സ് തോമസ് മാത്യു, പി.ജി. ഡാനിയേൽ, സാംകുട്ടി ജോൺ, സനൽ കുമാർ, സ്നാനം പാസ്റ്റേഴ്സ് ജോസ് തോമസ്, രാജൻ ഏബ്രഹാം, കെ.വൈ വിൽഫ്രഡ് രാജ്, അഷേഴ്സ് പാസ്റ്റേഴ്സ് എം.ഡി തോമസുകുട്ടി, ടി.വി തങ്കച്ചൻ, പി.എം ശമുവേൽ, ആർ.ടി തോമസ്, റോബിൻസൺ.ഡി സ്റ്റേജ് അറേഞ്ച്മെന്റ് പാസ്റ്റേഴ്സ് കെ.സി ജേക്കബ്, ടി.സി. റോയി, രഞ്ജിത് തമ്പി, ആരോഗ്യം പാസ്റ്റേഴ്സ്

(ശേഷം പേജ് 5)

## ക്രിസ്ത്യൻ വേൾഡ് 12-ാം വർഷത്തിലേക്ക്

ക്രൈസ്തവ സമൂഹത്തിൽ ഒഴിച്ചുകൂടാനാവാത്ത പ്രസിദ്ധീകരണ നിരയിലേക്ക് ക്രിസ്ത്യൻ വേൾഡ് പ്രവേശിച്ചിട്ട് ജനുവരിയിൽ 11 വർഷം പൂർത്തിയാവുകയാണ്. ഒരു ലക്കം പോലും മുടങ്ങാതെ എല്ലാ മാസവും അഞ്ചാം തീയതി കൊല്ലം ആർഎംഎസിൽ നിന്നും പത്രം പോസ്റ്റ് ചെയ്യുന്നുണ്ട്. 2016 മാർച്ച് മുതൽ പ്രമുഖ ഓൺലൈൻ ക്രൈസ്തവ മാധ്യമമായ ക്രൈസ്തവ എഴുത്തുപുരയാണ് ക്രിസ്ത്യൻ വേൾഡ് ഏറ്റെടുത്തു പ്രസിദ്ധീകരിക്കുന്നത്. www.kraisthavaezhuthupura.com എന്ന വെബ്സൈറ്റിൽ പത്രത്തിന്റെ പിഡിഎഫ് വേർഷൻ ലഭ്യമാണ്. ഓൺലൈൻ വഴി ലോകത്തിന്റെ വിവിധ രാജ്യങ്ങളിലായി നിരവധിപേർ പത്രം വായിക്കുന്നുണ്ട്. വാർഷിക വരിസംഖ്യ ഇന്ത്യയിൽ 120 രൂപയാണ്.

കഴിഞ്ഞ നാളുകളിൽ ലേഖനങ്ങളും വാർത്തകളും പരസ്യങ്ങളും നൽകി പത്രത്തെ അർത്ഥസമ്പുഷ്ടമാക്കിയ എല്ലാവരോടും ഞങ്ങൾ നന്ദിയുള്ളവരാണ്. സമയാസമയങ്ങളിൽ വേണ്ട നിർദേശങ്ങൾ നൽകിയ മാന്യ വായനക്കാരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. തുടർന്നും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി നിരവധി പുതുമുഖ എഴുത്തുകാർക്ക് ക്രിസ്ത്യൻ വേൾഡിൽ എഴുതുവാൻ അവസരം നൽകിയത് എടുത്തുപറയേണ്ട കാര്യമാണ്.

എല്ലാ മാന്യവായനക്കാർക്കും അനുഗ്രഹസമ്പൂർണമായ പുതുവർഷ ആശംസകൾ.




'എവൈക്ക്' സിഡി പെർസീസ് ജോൺ ഡോ. കെ.സി ജോണിന് നൽകി പ്രകാശനം ചെയ്യുന്നു.

## ക്രൈസ്തവ എഴുത്തുപുരയുടെ പ്രഥമ സംഗീത ആൽബം 'എവൈക്ക്' പ്രകാശനം ചെയ്തു

തിരുവല്ല: ക്രൈസ്തവ എഴുത്തുപുരയുടെ പ്രഥമ സംഗീത ആൽബം ഡിസംബർ 26നു 'എവൈക്ക് 'കോട്ടയത്ത് പി വൈ പി എ സംസ്ഥാന ക്യാമ്പിൽ പ്രമുഖ ഗായിക പെർസീസ് ജോൺ ഐപിസി ജനറൽ സെക്രട്ടറി ഡോ. കെ.സി ജോണിന് നൽകി പ്രകാശനം ചെയ്തു. പാസ്റ്റർ. ദാനിയേൽ കൊന്നനിൽക്കുന്നതിൽ അധ്യക്ഷത വഹിച്ചു. ക്രൈസ്തവ എഴുത്തുപുര പ്രവർത്തകരായ ജെ.പി. വെണ്ണിക്കുളം, ഷെബു തരകൻ, ഷൈജു മാത്യു, രതീഷ് ഏലപ്പാറ, എബിൻ അലക്സ്, ജോസി പ്ലാത്താനത്ത്, ജെറ്റ്സൺ സണ്ണി തുടങ്ങിയവർ പങ്കെടുത്തു.

മലയാള ക്രൈസ്തവ സംഗീത ലോകത്ത് ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള ഒരു സംഗീത സമാഹാരം പുറത്തിറങ്ങുന്നത്.

12 ഗാനങ്ങൾ, 12 ഗായകർ, 12 ഗാന രചയിതാക്കൾ എന്നീ നിലയിൽ ആദ്യമായി പുറത്തിറക്കുന്ന ഈ ഗാന സമാഹാരം വ്യത്യസ്തമായ ഗാനങ്ങളാൽ അനുഗ്രഹീതമാണ്.

പുതുമുഖ ഗാന രചയിതാക്കളെ ക്രിസ്തീയ ഗാനരംഗത്ത് ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യമാണ് ഈ സംഗീത സാമാഹരത്തിന് പിന്നിലുള്ളത്. കേരളത്തിലെ പ്രമുഖ കൺവെൻഷൻ സ്റ്റാളുകളിലും ക്രിസ്തീയ ബുക്ക് ഷോപ്പുകളിലും വിദേശ രാജ്യങ്ങളിലും ഈ സി.ഡി ലഭ്യമാണ്. സിഡി ആവശ്യമുള്ളവർക്ക് ഓൺലൈനിൽ ബുക്ക് ചെയ്യുവാനുള്ള സൗകര്യം ലഭ്യമാണ്. ഇന്ത്യയിൽ വില 100 രൂപ.

## ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൺവൻഷൻ ജനുവരി 23-29 വരെ



മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൺവൻഷൻ ജനുവരി 23 - 29 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ പി.ജി. മാത്യൂസിന്റെ അധ്യക്ഷതയിൽ ഓവർസിയർ പാസ്റ്റർ സി.സി. തോമസ് ഉദ്ഘാടനം ചെയ്യും. ഇന്ത്യയിലും വിദേശത്തുമുള്ള ദൈവദാസന്മാർ പ്രസംഗിക്കും. "എഴുന്നേറ്റു പണിയുക" (നെഹെ. 2:20) എന്നതാണു ചിന്താവിഷയം. കാത്തിരിപ്പു യോഗം, ബൈബിൾക്ലാസ്, യുവജനസമ്മേളനം, സഹോദരിസമ്മേളനം, സണ്ടേസ്കൂൾമീറ്റിങ്ങ്, മിഷനറി സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം എന്നിവ ഉണ്ടായിരിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

കൺവൻഷന്റെ അനുഗ്രഹത്തിനായി ജനുവരി 2-7 വരെ മുളക്കുഴ സീയോൻകുന്നിൽ ഉപവാസ പ്രാർഥന നടക്കും. ജനുവരി 2-21 വരെ ചെയിൻപ്രെയറും നടക്കും. സ്റ്റേറ്റ് ഓവർസിയറുടെ അധ്യക്ഷതയിൽ ഒക്ടോബർ 25 നു മുളക്കുഴ സീയോൻകുന്നിൽ നടന്ന ആലോചനായോഗത്തിൽ പാസ്റ്റർമാരായ പി.ജി. മാത്യൂസ്, ജെ. ജോസഫ്, വൈ. ജോസ്, ഈപ്പൻ ചെറിയാൻ, പി.സി. ചെറിയാൻ, റ്റി.എം. മാമച്ചൻ, തോമസ്കുട്ടി ഏബ്രഹാം, തോമസ് എം. പുളിവേലിൽ, ഷിബു കെ. മാത്യു, സജി ജോർജ്, ജോൺസൻ ഡാനിയേൽ, ബാബു ചെറിയാൻ തുടങ്ങിയവരടങ്ങിയ വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു.


2 ദൈവം വെറുക്കുന്ന തിന്മ

3 വിഷാദവും വിശ്വാസികളും

5 ആത്മാവിലും സത്യത്തിലുമുള്ള ആരാധന

**Christian World-Kraisthava Ezhuthupura Pathram Editorial Board**

**Chief Editor**
Finny Kanjangad
**Editor**
J P Vennikulam
**Asso. Editor**
Binu Thomas Vadakkencherry
**Managing Editors**
Johnson Vedikattil
Shyju Mathew
Joshy Kurian
**Sub Editors**
Duglas Joseph
Shyju Daniel
Varghese George Anthariyath
Biji Philip
Asher Mathew
Jins K. Mathew
Abin George
Shebu Tharakan
**General Editors**
Jaison Manakkala
Sunil Varghese
**Overseas Editors**
Samson John USA
Binu Jacob Canada
Binny C. Mathew Australia
George T. Mathew
Johns P. Mathew Tennesse
**Contributing Editors**
Stanly John
Job John
Sabu George Pandalam
Sheela Das
Agnas Sam
Sheena Tomy
Christina Elias
**Circulation Manager**
Retheesh Elappara
**Printer and Publisher**
Sam T. Mukathala

# ക്രിസ്ത്യൻ വേൾഡ് എഡിറ്റോറിയൽ

1192 ധനു - മകരം

## വരവിനെ വിളിച്ചറിയിച്ച്



സാബു ജോർജ് പന്തളം
കോൺട്രിബ്യൂട്ടിംഗ് എഡിറ്റർ

ഒരു വർഷം കൂടി ചരിത്രത്തിന്റെ താളുകളിലേക്ക് തുന്നിച്ചേർക്കപ്പെട്ടു. എല്ലാ വർഷവും പോലെ കുറെ സംഭവങ്ങൾ 2016ലും അരങ്ങു തകർത്തു. എന്നാൽ, വാർത്തകൾ വ്യത്യസ്തതകൊണ്ട് സവിശേഷമാക്കപ്പെടുന്നു. കഴിഞ്ഞ വർഷത്തെ സംഭവങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വാർത്തകൾ പലതും അപൂർവങ്ങൾ തന്നെ. സാങ്കേതികവിദ്യകൾ കൊണ്ട് ലോകം കുറച്ചു കൂടി ചുരുങ്ങി. വിരൽത്തുമ്പിൽ സമൂഹത്തെ എത്തിക്കുന്നതിൽ മനുഷ്യൻ അതിവേഗത കൈവരിച്ചു. ലോകത്തെല്ലായിടത്തും സൈന്യത്തെ വിപുലീകരിക്കുന്ന ഊർജ്ജം ഏറ്റെടുത്ത് നവീന തീവ്രവാദം ലോകരാജ്യങ്ങളിൽ ഭീകരതയുടെ ഭീഷണി മുഴക്കി. അതിനെ തടയിടാൻ ലോകഭരണം വിയർക്കുന്നു.

ലോകഭരണവും ലോകനാണയവും ഒരു കുടക്കീഴിൽ എത്തുന്നതിന്റെ സൂചനകൾ കണ്ടു തുടങ്ങി. പണത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്ന കാഴ്ച്ചകൾ... മനുഷ്യപ്രാണനു വിലയില്ലാതായി മാറി.

തലമുറ പലമുറകൾക്ക് അധീനരായി മാതാപിതാക്കളുടെ ഉള്ളിൽ അഗ്നി കത്തിക്കുന്നു.

സഭ ആത്മികത ഒരു പ്രകടനം മാത്രമാക്കി രാഷ്ടീയ അനുഭവങ്ങൾ സമ്പാദിക്കുന്നതിൽ കുറച്ചു കൂടി വിജയിച്ച വർഷം... ദൈവസഭ സുവിശേഷപ്രവർത്തനങ്ങൾ കുറച്ച് കോടതി വ്യവഹാരത്തിന് ധാരാളം സമയം മാറ്റി വച്ച വർഷം...

ഇതൊക്കെ വിളിച്ചറിയിക്കുന്നത് ദൈവവചന പ്രവചനങ്ങളുടെ നിവൃത്തീകരണത്തി ലേക്കാണ്.

ഭക്തിയോടെ ജീവിക്കുന്നവർക്ക് രാജാധിരാജനായ യേശുവിനെ എതിരേൽക്കുവാനുള്ള ലക്ഷണങ്ങൾ തന്നെ. യേശു വേഗം വരാറായി. ഒരുങ്ങിക്കൊൾക. വിളക്കിൽ എണ്ണ നിറച്ച് മണവാട്ടി സഭ ജാഗ്രതയോടെ മണവാളനായി നിഷ്കളങ്കതയോടെ കാത്തിരിക്കുക.

2016 ഡിസംബറിൽ ക്രൈസ്തവഎഴുത്തുപുരയും റാഫാ റേഡിയോയും പുതിയ സിഡികൾ പുറത്തിറക്കി. ഈ മാസം പുതിയ ചില പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്.

എല്ലാവർക്കും നന്മയുടെയും അനുഗ്രഹത്തിന്റെയും നവവത്സരാശംസകൾ.

# ദൈവം വെറുക്കുന്ന തിന്മ

**നമസ്കരിക്കാനും മുട്ടുകുത്താനും കവിണ്ണുവീഴാനും നമുക്ക് ഒരു ദൈവം മാത്രമേയുള്ളൂ. അതാണു കർത്താവായ യേശുക്രിസ്തു. മറ്റാരുടെയെങ്കിലും മുൻപാകെ ഈ രീതി നാം പ്രകടിപ്പിച്ചാൽ, അതിനെ ബൈബിൾ വിളിക്കുക വിഗ്രഹാരാധന എന്നത്രേ.**



**റവ. ജോർജ് മാത്യു**
**പുതുപ്പള്ളി**

സർവശക്തനായ ദൈവം ഏറ്റവുമധികം വെറുക്കുന്ന പാപമാണ് വിഗ്രഹാരാധന. ബൈബിൾ ആദിയോടന്തം പരിശോധിച്ചാൽ ഇക്കാര്യം സത്യമാണെന്നു ബോധ്യമാകും. ദൈവസൃഷ്ടിയുടെ മണിമകുടമായ മനുഷ്യനു ദൈവം കൊടുത്ത പത്തുകല്പനകളിൽ പ്രധാനപ്പെട്ട ഒന്ന് വിഗ്രഹാരാധനയ്ക്ക് എതിരായ പ്രഖ്യാപനമായിരുന്നു. “ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്, മീതെ സ്വർഗത്തിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്” (പുറ. 20: 3,4). അപ്പൊസ്തലപ്രമുഖനായ പത്രൊസിനെ കണ്ടപ്പോൾ ആരാധനാമനോഭാവത്തോടെ ശതാധിപനായ കൊർന്നല്യൊസ് കാൽക്കൽ വീണു. പത്രൊസ് കൊർന്നല്യൊസിനെ പിടിച്ചെഴുന്നേല്പിച്ചിട്ടു പറയുന്നു: “കൊർന്നല്യോസേ അരുത്, ഞാനും ഒരു മനുഷ്യനത്രേ, ദൈവത്തെ നമസ്കരിക്ക” (അപ്പൊ. 10: 25). സ്വർഗീയദർശനങ്ങൾ കാണിച്ചുതന്ന തേജോമയനായ ദൂതന്റെ കാൽക്കൽ വീണു നമസ്കരിക്കാൻ യോഹന്നാൻ ഒരുങ്ങുമ്പോൾ തടഞ്ഞുകൊണ്ട് ദൂതൻ പറയുന്നു: “യോഹന്നാനേ അരുത്, എന്നെ നമസ്കരിക്കരുത്, ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ. ദൈവത്തെ നമസ്കരിക്കുക” (വെളി. 22: 9).

ദൈവത്തിന്റെ മഹത്ത്വം പരോക്ഷമായെങ്കിലും ഏറ്റെടുക്കാൻ ശ്രമിച്ച ഹെരോദാവിനു ലഭിച്ച ഭയാനകമായ ശിക്ഷയെക്കുറിച്ചും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. “അവൻ ദൈവത്തിനു മഹത്ത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ അവനെ അടിച്ചു. അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു” (അപ്പൊ.12: 23). ആരാധനയ്ക്കും മഹത്ത്വത്തിനും അർഹൻ പിതൃപുത്രപരിശുദ്ധാത്മാവായ ദൈവം മാത്രമാണെന്നു ബൈബിൾ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. സങ്കീർത്തനക്കാരൻ ആഹ്വാനംചെയ്യുന്നത്, “വരുവിൻ, നാം വണങ്ങി നമസ്കരിക്ക, നമ്മെ നിർമിച്ച യഹോവയുടെ മുൻപിൽ മുട്ടുകുത്തുക” (95:6) എന്നത്രേ. കർത്താവിന്റെ പക്കലേക്കു കടന്നുവന്ന കുഷ്ഠരോഗിയെക്കുറിച്ച് മത്തായിയും മർക്കൊസും ലൂക്കൊസും രേഖപ്പെടുത്തുന്നത് വലിയ ഒരു ആത്മീയ മർമ്മമത്രേ. മത്തായി എഴുതുന്നു: “അപ്പോൾ ഒരു കുഷ്ഠരോഗി വന്ന് യേശുവിനെ നമസ്കരിച്ചു” (8:2). മർക്കൊസ് പ്രസ്താവിക്കുന്നത്: “ഒരു കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വന്ന് മുട്ടുകുത്തി” (1:40) എന്നത്രേ. ലൂക്കൊസ് രേഖപ്പെടുത്തുന്നതാകട്ടെ , “കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ യേശുവിനെ കണ്ട് കവിണ്ണുവീണു” (5:12) എന്നുമാണ്. ആരാധനയുടെ മൂന്നു പടികളാണ് നമസ്കരിക്കുന്നതും മുട്ടുകുത്തുന്നതും കവിണ്ണുവീഴുന്നതും. നമസ്കരിക്കാനും മുട്ടുകുത്താനും കവിണ്ണുവീഴാനും നമുക്ക് ഒരു ദൈവം മാത്രമേയുള്ളൂ. അതാണു കർത്താവായ യേശുക്രിസ്തു. മറ്റാരുടെയെങ്കിലും മുൻപാകെ ഈ രീതി നാം പ്രകടിപ്പിച്ചാൽ, അതിനെ ബൈബിൾ വിളിക്കുക വിഗ്രഹാരാധന എന്നത്രേ.



മനുഷ്യരുടെ കൈ ചുംബിക്കുന്നതും കാലിൽതൊട്ടു നമസ്കരിക്കുന്നതും ഭൂമിയെ ചുംബിക്കുന്നതുമൊക്കെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിഗ്രഹാരാധന തന്നെയാണ്. വിഗ്രഹാരാധന തെറ്റാണെന്നറിഞ്ഞിട്ടും അതു പിൻതുടർന്ന സമൂഹത്തിനു ലഭിച്ച ദുരന്തത്തെക്കുറിച്ചു റോമാലേഖനത്തിൽ നാം വായിക്കുന്നു (റോമ. 1: 22-27). ബെരോവയിലെ ദൈവജനം നമുക്കൊരു മാതൃകയാകട്ടെ. “അവർ വചനം ജാഗ്രതയോടെ കൈക്കൊള്ളുകയും തിരുവെഴുത്തുകൾ അടിസ്ഥാനമാക്കി അതിനെ പരിശോധിച്ചുപോന്നു” (അപ്പൊ. 17.)

**വാർഷിക വരിസംഖ്യ**

ഇന്ത്യ – 120 രൂപ
യുഎസ്എ – $ 50
യുകെ – £ 25
ഗൾഫ് രാജ്യങ്ങൾ 2000 രൂപ
വിവാഹപ്പരസ്യങ്ങൾക്ക് 500 രൂപ

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.

**വരിസംഖ്യ, ലേഖനം പരസ്യം എന്നിവയ്ക്കു ബന്ധപ്പെടുക**
John P. Thomas (J.P. Vennikulam),
Vembanolil Puthenpurackal, Vennikulam P.O.,
Thiruvalla, Pathanamthitta - 689 544, Kerala
Tel: +91 9496327109, 9895373069



# വിഷാദവും വിശ്വാസികളും

**ഒരു സുഖം തോന്നുന്നില്ല, മൂഡില്ല എന്ന് എല്ലാവരും ഇടയ്ക്കു പറയാറുണ്ട്. എന്നാൽ, രണ്ടാഴ്ചയിലേറെ ഈ മാനസികാവസ്ഥയും ലക്ഷണങ്ങളും തുടർന്നാൽ ചികിത്സ വൈകരുത്.**



**കൊച്ചുമോൻ ആന്താര്യത്ത്**

വിശ്വാസിയുടെയും അവിശ്വാസിയുടെയും ഇടയിൽ എപ്പോഴും കേൾക്കുന്ന വാക്കാണ് 'ടെൻഷൻ.' ഒക്ടോബർ 10 ലോക മാനസികാരോഗ്യദിനമായി നാം ആഘോഷിക്കുമ്പോൾ, മനുഷ്യനെ ബാധിക്കുന്ന പ്രധാനരോഗങ്ങളിൽ ഒൻപതാം സ്ഥാനത്തേക്കു 2020 നകം ഈ വില്ലനെത്തും- വിഷാദം അഥാ ഡിപ്രഷൻ. വിഷാദരോഗികളിൽ 75% പേർ ആത്മഹത്യയെക്കുറിച്ചു ചിന്തിക്കുന്നു. 50% പേർ ആത്മാഹുതി ചെയ്യുന്നു എന്നും ലോകാരോഗ്യസംഘടന.

കെവിൻ കേഴ്സ് പറയുന്നത് 90 ശതമാനത്തിൽ കൂടുതൽ ആളുകളും ആത്മഹത്യ ചെയ്യുന്നത് മാനസികപ്രശ്നങ്ങൾ കാരണം എന്നാണ്. ഇതിൽ പ്രധാനപ്പെട്ടത് വിഷാദമാണ്.

കുട്ടികൾ മുതൽ വയോധികർ വരെയും പണക്കാരനെയും പാവപ്പെട്ടവനെയും വിദ്യാസമ്പന്നനെയും അല്ലാത്തവരെയും അടിമയാക്കുന്ന വിഷാദരോഗം എന്ന അവസ്ഥയെക്കുറിച്ച് ഡോ. അനീസ് അലി പറയുന്നത്, ഉത്സാഹമില്ലായ്മ, ഉന്മേഷക്കുറവ്, അരുചി, ക്ഷീണം, ലൈംഗികവിരക്തി, ഉറക്കക്കുറവ് അല്ലെങ്കിൽ ഉറക്കക്കൂടുതൽ, തലവേദന, ശരീരവേദന, മടുപ്പ്, വെറുപ്പ്, അക്ഷമ, മുൻകോപം, സ്ത്രീകളിൽ ഭക്ഷണപ്രിയം, ഏകാഗ്രക്കുറവ്, ആത്മഹത്യാ- കുറ്റകൃത്യങ്ങൾ എന്നിവയോടുള്ള ഉൾപ്രേരണ, നിരാശ തുടങ്ങി പല ലക്ഷണങ്ങളുടെ ആകെത്തുകയാണ് വിഷാദരോഗം. കുറ്റബോധം, നഷ്ടബോധം, പരാജയബോധം, നിസഹായതാബോധം തുടങ്ങിയവയും മനസ്സിൽ നിറയാം. എല്ലാ ലക്ഷണങ്ങളും ഒരേസമയത്ത് ഉണ്ടാകണമെന്നില്ല. ജീവിതസാഹചര്യം സ്ഥലകാലം, സാംസ്കാരികപശ്ചാത്തലം, വിദ്യാഭ്യാസം, നിലവാരം, നാട്ടാചാരങ്ങൾ എന്നിവയ്ക്കനുസരിച്ചാകും ഒരാളിൽ ലക്ഷണങ്ങൾ പുറത്തുവരിക.

ഒരു സുഖം തോന്നുന്നില്ല, മൂഡില്ല എന്ന് എല്ലാവരും ഇടയ്ക്കു പറയാറുണ്ട്. എന്നാൽ, രണ്ടാഴ്ചയിലേറെ ഈ മാനസികാവസ്ഥയും ലക്ഷണങ്ങളും തുടർന്നാൽ ചികിത്സ വൈകരുത്. നിസാരമെന്നു തോന്നുന്ന ഈ രോഗം ചികിത്സിക്കാതെ വിട്ടാൽ ഗുരുതരമായ പ്രശ്നമാണെന്നോർക്കുക. ഉറക്കം, രുചി, ശരീരഭാരം, ലൈംഗികതാല്പര്യം എന്നിവ കുറയ്ക്കുന്ന മെലങ്കോളിക് ഡിപ്രഷൻ ഇവയെല്ലാം കൂടുന്ന ഏറ്റിപ്പിക്കൽ ഡിപ്രഷൻ ഈ ലക്ഷണങ്ങൾക്ക് ഒപ്പം ആരോ കൊല്ലാനും ആക്രമിക്കാനും വരുന്നു എന്ന തോന്നൽ കൂടിയുണ്ടാക്കുന്ന സൈക്കോട്ടിക് ഡിപ്രഷൻ എന്നിങ്ങനെ വിഷാദരോഗങ്ങൾ മൂന്നു വിധം.

കാൻസർപോലെ മനുഷ്യനെ കാർന്നുതിന്നുന്ന ഉത്ക്കണ്ഠയും വിഷാദവും വൈദ്യശാസ്ത്രപ്രകാരം ചികിത്സയ്ക്കു പകരം ആത്മീയചികിത്സയാണാവശ്യം. മനുഷ്യൻ ദൈവത്തിൽനിന്നും അകലുമ്പോൾ പിശാചിലേക്ക് അടുക്കുകയാണ്. പിശാച് മനുഷ്യന്റെ മനസ്സിനെ ചൂഷണംചെയ്ത് അടിമയാക്കുമ്പോൾ നിരാശയും വിഷാദവും ഉണ്ടാകുന്നു. പലതും ആത്മഹത്യയിൽ അഭയംതേടുന്നു. പാപവും പൈശാചികവുമായ ആത്മഹത്യയിൽ ജീവിതം അവസാനിപ്പിച്ച ചിലരെക്കുറിച്ച് ദൈവവചനത്തിൽ പറയുന്നു. രാജധാനിക്കു തീവെച്ച് മരിച്ച സിമ്രി (1 രാജാ. 16-18); ഒരു വാൾപിടിച്ച് അതിന്മേൽ വീണു മരിച്ച ശൗൽ (1 ശമൂ.31:4); കെട്ടിഞാന്നു മരിച്ച അഹീഥോഫെൽ (2 രാജാ. 17:23); മുപ്പതുവെള്ളിക്കാശിനു കർത്താവിനെ ഒറ്റിക്കൊടുത്ത ശിഷ്യൻ ഒടുവിൽ കെട്ടിഞാന്നു ചത്ത ഈസ്കര്യോത്താ യൂദാ (മത്താ.27:5) ഇവരൊക്കെ ആത്മഹത്യ ചെയ്തവർക്ക് ഉദാഹരണങ്ങളാണ്.

വിശ്വാസികളുടെ ഇടയിലും നാളെയെക്കുറിച്ച് ഓർത്ത്, തലമുറകളെക്കുറിച്ച് ഓർത്ത്, ശുശ്രൂഷകളെക്കുറിച്ച് ഓർത്ത്, ഭാവി എന്തായിത്തീരും എന്നതിനെക്കുറിച്ചോർത്ത് ഉത്ക്കണ്ഠപ്പെടുകയും നിരാശപ്പെടുകയും ചെയ്ത് രോഗത്തിനും പിശാചിനും അടിമകളാകാതെ ദൈവവചനത്തിലും പ്രാർഥനയിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. ''എന്റെ പ്രാണൻ വിഷാദംകൊണ്ട് ഉരുകുന്നു, നിന്റെ വചനപ്രകാരം എന്നെ ബലപ്പെടുത്തണമേ" (സങ്കീ.119:28).

അവൻ മൃഗങ്ങൾക്കും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നെങ്കിൽ, ഏലീയാവിനെ കാക്കയെക്കൊണ്ടു പോഷിപ്പിച്ചെങ്കിൽ, കാക്കയുടെ വരവുനിലച്ചപ്പോൾ സാരെഫാത്തിലെ വിധവയെ ഒരുക്കിയെങ്കിൽ, അവൻ നമ്മുടെ ആവശ്യത്തിനും മതിയായവൻ അല്ലയോ? അവൻ ഏൽ-ശദ്ദായി ആണ്. നമ്മുടെ ആവശ്യത്തെക്കാളും മതിയായവൻ. "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിനും പ്രാർഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ, സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും" (ഫിലി. 4: 6,7).

ഈ രോഗത്തിനു അടിമകളായവരെ ദൈവസന്നിധിയിലേക്ക്, ആരാധനയിലേക്ക് ആത്മീയകൂടിവരവിലേക്കു കൊണ്ടുവരേണ്ടതും, വചനധ്യാനത്തിനും പ്രാർഥനയ്ക്കും പ്രോത്സാഹിപ്പിക്കേണ്ടതും അതിനായി ഒരുക്കേണ്ടതും നമ്മുടെ കടമയാണ്.

മറ്റു രോഗങ്ങളെപ്പോലെ ശരീരത്തിൽ ബാഹ്യമായി ഒന്നും കാണാൻ മറ്റുള്ളവർക്കു കഴിയില്ലെങ്കിലും നമുക്കു ചുറ്റും ഓരോ മണിക്കൂറും ഒരാൾ ആത്മഹത്യ ചെയ്യുന്നു. നൂറിൽ അഞ്ചുപേർ കടുത്ത വിഷാദരോഗികളാണ്. ഈ വലിയ വിപത്തിന് ഇരയാകുന്നവരെ രക്ഷിക്കാൻ ഒരുപക്ഷെ, നമ്മുടെ നിറഞ്ഞ ഒരു പുഞ്ചിരി, ഒരു സാന്ത്വനവാക്ക്, അവരുടെ കാര്യങ്ങൾ പങ്കുവയ്ക്കാൻ അല്പസമയം ചെലവഴിച്ചാൽ അവരോടു ക്രിസ്തുവിന്റെ സ്നേഹം പങ്കിട്ടാൽ ഒരു വിലപ്പെട്ട ജീവൻ രക്ഷിക്കാനാകും.

പിശാച് മനസ്സിൽ കൊണ്ടുവരുന്ന ദുഷ്ടചിന്തകളെ അകറ്റുക. പ്രത്യേകിച്ച് ശരീരത്തിനായുള്ള, നാളെയെക്കുറിച്ചുള്ള, ജീവനായുള്ള, അന്നവസ്ത്രാദികളെക്കുറിച്ചുള്ള, ജോലികാര്യങ്ങളെക്കുറിച്ചുള്ള, ലോകകാര്യങ്ങളെക്കുറിച്ചുള്ള, ഉപദ്രവങ്ങളെക്കുറിച്ചുള്ള അനാവശ്യ ചിന്ത ഒഴിവാക്കുക. ഒന്നിനെപ്പറ്റിയും വിചാരപ്പെടാതിരിക്കുക. പറവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നില്ല, എന്നാലും അവയ്ക്ക് ആവശ്യത്തിനുള്ളവ കരുതുന്ന ദൈവം നമുക്കുവേണ്ടി കരുതാതിരിക്കുമോ?

ആകുലചിന്തയ്ക്കുള്ള പ്രതിവിധികൾ

1. പ്രാർഥനയും യാചനയും (ഫിലി. 4:6).

2. ദൈവത്തിലുള്ള പ്രത്യാശ മുറുകെപ്പിടിക്കുക (എബ്രാ. 3: 6; 12: 1).

3. ദൈവത്തിൽ പൂർണമായും വിശ്വസിക്ക (മത്താ. 6: 25-32).

4. പ്രാർഥന (മത്താ. 7:7-11; 17:20; മർക്കൊ.11: 22-24).

5. സകല ഭാരവും യഹോവയിൽ ഇടുക (സങ്കീ.55:22; 1 പത്രൊ.5:7).

6. ദൈവസമാധാനം വാഴുവാൻ നമ്മെ ഏല്പിച്ചുകൊടുക്കുക (ഫിലി.4:7).

ആകയാൽ പ്രിയരേ, മനുഷ്യനെ അടിമയാക്കുന്ന പിശാചിന്റെ കെണിയിൽ വീഴാതെ നിരാശയിലും വിഷാദത്തിലും ഉത്ക്കണ്ഠയിലും ആയവരെ കർത്താവിലുള്ള സന്തോഷത്തിലും പ്രത്യാശയിലും സ്വാതന്ത്ര്യത്തിലേക്കും നയിക്കാം. വിശ്വാസജീവിതം നയിക്കുന്നവർ വിഷാദത്തിൽ ആയവരെ മനസിലാക്കി അവർക്കുവേണ്ടി പ്രാർഥിക്കാം. ഈ വിപത്തിൽ നിന്നും നമ്മുടെ സഹോദരങ്ങളെ രക്ഷിക്കാം.

# ക്രൈസ്തവർ തങ്ങളുടെ വിശ്വാസം ഏറ്റുപറയുവാൻ ഭയപ്പെടരുത്: ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മെ

ലണ്ടൻ: ജോലിസ്ഥലങ്ങളിലും പൊതുയിടങ്ങളിലും തങ്ങളുടെ വിശ്വാസത്തെ കുറിച്ച് തുറന്നു പറയുവാൻ ക്രൈസ്തവർ ഭയപ്പെടരുതെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മെ. ജോലിസ്ഥലങ്ങളിൽ വിവിധ കാരണങ്ങൾ മൂലം ക്രൈസ്തവർ തങ്ങളുടെ ക്രിസ്തീയ വിശ്വാസം മറച്ചു പിടിക്കുന്നുവെന്ന റിപ്പോർട്ടിനോടുള്ള പ്രതികരണമായിട്ടാണ് തെരേസ മെ ഇങ്ങനെ പറഞ്ഞത്. ക്രൈസ്തവ വിശ്വാസം എന്നത് ആഘോഷിക്കപ്പെടേണ്ട ഒന്നാണെന്നും, അതിനെ ലജ്ജാപൂർവ്വം ആരും മറച്ചുപിടിക്കേണ്ടതില്ലെന്നും അവർ കൂട്ടിച്ചേർത്തു.

സഹപ്രവർത്തകരുടെ വിമർശനവും, പരിഹാസവും പ്രതിഷേധവും മൂലം ക്രിസ്തുമസ് ഒരു ക്രൈസ്തവ ആഘോഷമെന്ന തരത്തിൽ കൊണ്ടാടുവാൻ വിശ്വാസികൾ ഭയക്കുന്നുവെന്ന റിപ്പോർട്ട് ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ പുറത്തുവിട്ടിരുന്നു. കമ്മീഷൻ ചെയർമാൻ ഡേവിഡ് ഐസക്കിന്റെ പ്രസ്താവന വന്നതിനു തൊട്ടുപിന്നാലെയാണ് തെരേസ മെയ് പ്രതികരണം നടത്തിയിരിക്കുന്നത്. 'ഇപ്പോൾ പുറത്തുവന്നിരിക്കുന്ന റിപ്പോർട്ട് എന്നേയും നിങ്ങളേയും ഒരുപോലെ ബാധിക്കുന്ന ഒന്നാണ്. ഒരുവന്റെ വിശ്വാസത്തെ ഭയം കൂടാതെ തുറന്നു പറയുവാനുള്ള അവകാശം എല്ലാവർക്കുമുണ്ട്.

നാം ഇപ്പോൾ എത്തിനിൽക്കുന്നത് ആഗമന കാലഘട്ടത്തിലാണ്. വിശ്വാസത്തിന്റെ ഒരു മഹത്തായ പാരമ്പര്യം നമ്മുടെ രാജ്യത്തിനുണ്ട്. മതവിശ്വാസത്തേയും, അതിനുള്ള സ്വാതന്ത്ര്യത്തേയും നാം ബഹുമാനിക്കുന്നു. ജോലി സ്ഥലങ്ങളിലുള്ള മനുഷ്യർക്കും ഇതേ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വം കൂടിയാണ്'. തെരേസ മെ പറഞ്ഞു. സമൂഹം ഇന്ന് അനുഭവിക്കുന്ന പല സ്വാതന്ത്ര്യങ്ങളും, അവകാശങ്ങളും നൂറ്റാണ്ടുകളായി ബൈബിളിൽ നിന്നുള്ള സത്യങ്ങളെ പൊതുജീവിതത്തിലേക്ക് കൊണ്ടുവന്നതിനാലാണെന്നും തെരേസ മെ ചൂണ്ടികാണിച്ചു. വചനത്തിലെ സത്യവെളിച്ചത്തെ നാം പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കാതെ ഇരുന്നാൽ അത് വലിയ നാശത്തിലേക്കായിരിക്കും വഴിവയ്ക്കുക. കൊടുക്കുന്നതിന് അനുസരിച്ചാണ് നമ്മൾ വളരുന്നതെന്ന് ബൈബിളിൽ പറയുന്നുവെന്നും, വചനത്തിന്റെ സത്യങ്ങളെ സമൂഹത്തിലേക്ക് പകർന്നു നൽകാതെയിരുന്നാൽ നമ്മുടെ വളർച്ച അവസാനിക്കുകയാണെന്നുമുള്ള ശ്രദ്ധേയമായ നിരീക്ഷണവും തെരേസ മെ നടത്തി.

# നഷ്ടങ്ങളുടെ വില വലുതോ?



ഷൈനി ജേക്കബ് ഡാളസ്

ജീവിതത്തിൽ നഷ്ടങ്ങൾ ഉണ്ടാവാത്ത ആരും തന്നെ ഇല്ല. പ്രത്യേകിച്ചും ഏതെങ്കിലും ഒരു അവസരത്തിൽ അതിന്റെ വേദന നമ്മെ കുത്തുന്ന ഒരു സമയം എല്ലാർക്കുമുണ്ട്. നാം എന്തുകൊണ്ട് ഇതിനെപ്പറ്റി വേവലാതിപ്പെടുന്നു, അനുദിനവും നടത്താം എന്നും, ഒരുനാളും കൈവിടില്ല എന്നും വാക്കു പറഞ്ഞ തമ്പുരാൻ അല്ലെ നമ്മെ കരങ്ങളിൽ വഹിക്കുന്നത്. എന്താണ് നമ്മുടെ നഷ്ടങ്ങൾ, വരൂ നമുക്കു ആ വഴികളിലൂടെ ഒന്ന് നടക്കാം, പാതി മറന്നുപോയ വിജനമായ ആ ഇടുക്കമുള്ള പാതകൾ...

ആരും സഹായമില്ലാതെ ആ അവസ്ഥ. എന്തിനെ ഒക്കെയോ ഭയപ്പെട്ട നാളുകൾ. ജീവിതം എവിടെ എത്തും എന്ന് അറിയാതെ നിന്നുപോയ ദിനങ്ങൾ, മുറികളിൽ നിന്നും ഇറങ്ങി ആരെയും നോക്കുവാൻ പോലും തുനിയാതെ നാം അങ്ങനെ ജീവിതം കഴിച്ചു കൂട്ടി. ഇനി ഒന്ന് ചിന്തിക്കു, എന്തായിരുന്നു കാരണം? ആ നാളുകളിലേക്ക് ഒന്നുകൂടെ യാത്ര ചെയ്തു നോക്കിയാൽ മനസിലാകും, അതൊന്നും ഒരു നഷ്ടങ്ങൾ തന്നെ അല്ല എന്നത്, മറിച്ചു, ലാഭങ്ങളിലേക്കുള്ള ഒരു യാത്ര, അല്ലെങ്കിൽ നന്മയിലേക്കുള്ള ഒരു കാൽവെപ്പു മാത്രമായിരുന്നു എന്ന്. കർത്താവു സ്വന്തജീവനെപോലും നോക്കാതെ നമ്മെ ഇത്രമാത്രം സ്നേഹിച്ചു എങ്കിൽ നാം എത്ര ഭാഗ്യമുള്ളർ ആണ്. പിതാവ് കൂടെ നമ്മെ കൈവിട്ടിരുന്നു എങ്കിൽ നമ്മുടെ ജീവിതം എങ്ങനെ ആയിരുന്നെനേ. എവിടെ

**കർത്താവു സ്വന്തജീവനെപോലും നോക്കാതെ നമ്മെ ഇത്രമാത്രം സ്നേഹിച്ചു എങ്കിൽ നാം എത്ര ഭാഗ്യമുള്ളർ ആണ്. പിതാവ് കൂടെ നമ്മെ കൈവിട്ടിരുന്നു എങ്കിൽ നമ്മുടെ ജീവിതം എങ്ങനെ ആയിരുന്നെനേ.**

യാണ് നാം നിന്ന് പോയത്? ആരാണ് പരാജിതരായത്? ഒന്ന് ചോദിക്കട്ടെ, ഒരു ഉള്ളി പൊളിക്കുന്നതു പോലെ ഉള്ള ചില നിസാരമായ വിഷയങ്ങളല്ലേ ഉള്ളൂ ഇതിൽ. നഷ്ടം എന്നും നമ്മുടെ മാത്രം ആക്കി മാറ്റി. സ്വന്ത ജീവൻ കൊടുത്തു നമ്മെ വീണ്ടുടുത്ത നമുടെ പ്രിയന് നമ്മെ നഷ്ട്ടം ആകുമ്പോൾ ഉണ്ടാകുന്ന വേദന നാം ചിന്തിച്ചിട്ടുണ്ടോ? അവൻ മാത്രം നമുക്ക് ജീവനെ പോലും തരുവാൻ, മരിക്കാനും പിന്നെ ഉയിർക്കുവാനും തയ്യാറായുള്ളു. അത്രമാത്രം നമ്മെ സ്നേഹിച്ച ആരും ഇല്ല ഈ ഭൂവിൽ. സ്വന്ത പുത്രനെപോലും തരുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ച കൃപ, അതിനോളം വരുമോ നമ്മുടെ ബാഹ്യമായ നഷ്ടങ്ങൾ?

എന്നാൽ, എന്തുകൊണ്ടാണ് നാം ദൈവസന്നിധിയിൽ നിന്നും അകന്നുപോയി നഷ്ടങ്ങളെ കുറിച്ച് മാത്രം ചിന്തിക്കുന്നത്?

വെട്ടിക്കളയാമായിരുന്നിട്ടും തമ്പുരാൻ പിന്നേം നിർത്തിയിരിക്കുന്നതുകൊണ്ടാണോ ഈ നിന്ദ?

എന്നാൽ, പ്രിയ സുഹൃത്തുക്കളേ, ഫലം കായ്ക്കുന്നില്ല എന്ന് കണ്ടിട്ടും ക്ഷമയോടെ കായ്ക്കുവാൻ വളം ഇട്ടു നോക്കിയിരുന്ന നിന്റെ യജമാനനെ നീ മറന്നോ? കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ, കാണ്മാൻ കണ്ണുള്ളവർ കാണട്ടെ. ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു നാൾ വരും. നഷ്ടങ്ങൾ എല്ലാം നന്മയായി മടക്കി തരുന്നവൻ ആണ് നമ്മുടെ പ്രിയൻ. എന്നും നമ്മെ കുത്തി നോവിക്കുന്ന ഒരുപറ്റം ജനം നമുക്ക് ചുറ്റും കാണും. ഏകനായി ആ തെരുവീഥിയിൽ നിൽക്കേണ്ടി വന്നേക്കാം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ നമ്മുടെ രക്ഷകൻ അല്ലെ നമ്മുടെ കരത്തിൽ പിടിച്ചിരിക്കുന്നത്. ആകയാൽ മനമേ എന്തെ ഇനിയും വിഷാദം? അവൻ നമ്മുടെ ഉപനിധി, അവസാനം വരെയും കാക്കുവാൻ ശക്തൻ. സർവ്വത്തെയും സൃഷ്ടിച്ച നായകൻ നമ്മെ, ഇതിലും വലിയതായി എന്ത് നാം ആശിക്കണ്ടത്... ഇത്ര ശ്രേഷ്ടനായ ഒരു നാഥൻ, നാൾതോറും നമ്മുടെ ഭാരങ്ങൾ വഹിക്കുന്ന നല്ല ഒരു പാലകൻ. ഇനിയും പറയൂ നിങ്ങളുടെ മാനുഷികമായ നഷ്ടങ്ങൾ ആണോ നിങ്ങൾക്ക് വലുത്? അതോ ഇത്ര നല്ല ഒരു കാന്തന്റെ മണവാട്ടിയായി നിനക്ക് അവനോടുകൂടെ നിത്യതയിൽ വാഴുവാൻ, നല്ല നാളിനായി കാത്തിരിക്കാം.

# നിന്റെ യൗവനം തുച്ഛീകരിക്കരുത്



ഗ്രേസ് സുജിത്ത്, പുല്ലാട്

മനുഷ്യജീവിതത്തിലെ സുപ്രധാന കാലഘട്ടമാണ് യുവത്വം എന്നതിനു സംശയമില്ല. ജീവിതത്തിന്റെ ആഴമുള്ള നീരൊഴുക്കുകളുടെ പ്രസരിപ്പാണ് യുവത്വംകൊണ്ട് അർഥമാക്കുന്നത്. ജീവിതമൂല്യത്തെ കണ്ടെത്തുകയും അവയെ കീഴടക്കുന്നതിനുള്ള ധീരതയും സുഖലോലുപതയെ സ്വന്തമാക്കാനുള്ള സാഹസികസ്വഭാവവുമാണ് യുവത്വത്തിന്റെ പ്രത്യേകത.

വിശുദ്ധ ബൈബിൾ പറയുന്നു: "നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക" (സഭാ.12:1). ഒരു സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല് യുവജനങ്ങളാണ്. ഭാവിയുടെ വാഗ്ദാനങ്ങളാണവർ. ദൈവത്തിങ്കൽനിന്നും അകന്നുപോകാൻ ഏറ്റവും സാധ്യതയുള്ള സമയം യൗവനകാലം തന്നെയാണ്. ജീവിതത്തിന്റെ സുഖലോലുപതയ്ക്ക് അടിമപ്പെട്ട് പാപത്തിന്റെ അഗാധകൂപത്തിലേക്ക് കൂപ്പുകുത്തുന്ന ഒരുകൂട്ടം യുവജനങ്ങളെയാണ് നമുക്കു ചുറ്റും ദർശിക്കാൻ കഴിയുന്നത്. എന്തുകൊണ്ടോ ഈ ലോകത്തിന്റെ സ്ഥാനമാനങ്ങൾ പിടിച്ചെടുക്കുന്നതിനും മറ്റുമായി യുവജനങ്ങൾ പരക്കംപായുന്നു. എന്നാൽ, ഇവയുടെയൊക്കെ നിമിത്തം നാം ഒരിക്കൽ ന്യായവിസ്താരസഭയുടെ മുൻപിൽ നിൽക്കേണ്ടിവരും എന്ന കാര്യം നാം മറന്നുപോകരുത്. യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക, യൗവനത്തിൽ നിന്റെ ഹൃദയം സന്തോഷിക്കട്ടെ. നിനക്കിഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നുകൊൾക. എന്നാൽ, ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക (സഭാ.11:9).

പാപത്തിൽ മുങ്ങിത്താഴുന്ന യുവതലമുറയെ ഉദ്ധരിച്ച് ഒരുകൂട്ടം ക്രൈസ്തവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി

**യൗവനക്കാർ തങ്ങൾ ആഗ്രഹിക്കുന്ന കാര്യം നേടിയെടുക്കാൻ വീറും വാശിയും കാണിക്കുന്നതുപോലെ ദൈവത്തിന്റെ കല്പനകളെ പാലിക്കുന്നതിലും ജാഗരൂകരായിരുന്നാൽ ദൈവപ്രസാദത്തിനു യോഗ്യന്മാരായി മാറും എന്നതിൽ സംശയമില്ല.**

ഇന്ന് അനേകസംഘടനകൾ മുൻപോട്ടുവന്നുകൊണ്ടിരിക്കുന്നു. യുവതലമുറകളുടെ കഴിവുകൾ വളർത്തിയെടുക്കുകയും അവരിൽ സാമൂഹിക പ്രതിബദ്ധത ഉയർത്താനും മറ്റും ഈ സംഘടനകൾ പ്രവർത്തിക്കുന്നു. യുവതലമുറ സമൂഹത്തിന്റെ ഉന്നതതലങ്ങളിൽ തങ്ങളുടെ സാന്നിധ്യം ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നു. മനുഷ്യൻ ഏറ്റവുമധികം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ഈ സമയങ്ങളിലാണ്. തങ്ങളുടെ കഴിവും ശക്തിയുമെല്ലാം പൊതുജനസമക്ഷം സമർപ്പിക്കാൻ ഇക്കൂട്ടർ വെമ്പൽകൊള്ളുന്നു.

ഇന്നത്തെ ക്രൈസ്തവ യുവജനങ്ങളെ നോക്കിയാൽ ലോകത്തിന്റെ മോഹങ്ങൾക്ക് അടിമപ്പെട്ട് പാപത്തിന്റെ വിഷംകുത്തിവെക്കുന്നവരായി അബോധാവസ്ഥയിലായിരിക്കുന്നു. എന്നാൽ, ക്രിസ്തുവിനെ യഥാർഥമായി അറിഞ്ഞ ഒരു യൗവനക്കാരൻ തന്റെ കഴിവും ശക്തിയുമെല്ലാം ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി ഉപയോഗിക്കുന്നു. യൗവനക്കാർ തങ്ങൾ ആഗ്രഹിക്കുന്ന കാര്യം നേടിയെടുക്കാൻ വീറും വാശിയും കാണിക്കുന്നതുപോലെ ദൈവത്തിന്റെ കല്പനകളെ പാലിക്കുന്നതിലും ജാഗരൂകരായിരുന്നാൽ ദൈവപ്രസാദത്തിനു യോഗ്യന്മാരായി മാറും എന്നതിൽ സംശയമില്ല. ഇന്നു പെന്തെക്കോസ്തുകാരുടെ ഇടയിൽതന്നെ യുവജനങ്ങളെ അംഗീകരിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. സഭയിലെ മുതിർന്നവർ കാര്യം നടപ്പാക്കുന്നു. അതിനാൽ തങ്ങൾ സഭയിൽ ഒന്നും ആയിട്ടില്ല എന്നു ചിന്തിച്ച് പിന്മാറുന്ന അവസ്ഥ ഉണ്ടാകുന്നു. ഈ സ്ഥിതിവിശേഷം ഇല്ലാതാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

പ്രിയ വായനക്കാരേ, ഭാവിയുഗത്തിൽ സുവിശേഷത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിച്ച് ഇരുളടഞ്ഞ മാനവകുലത്തിനു വെളിച്ചത്തിന്റെ കിരണങ്ങൾ പകർന്നുകൊടുക്കാൻ നമുക്ക് ആവോളം ശ്രമിക്കാം.



## മരിക്കേണ്ടി വന്നാലും സാരമില്ല; ഉത്തര കൊറിയയെ സുവിശേഷീകരിക്കാൻ ചൈനീസ് മിഷനറിമാർ തയ്യാറെടുക്കുന്നു

ഉത്തര കൊറിയ: സുവിശേഷം നിമിത്തം ജീവൻ ത്യജിക്കേണ്ടി വന്നാലും സാരമില്ല ഉത്തരകൊറിയയിൽ സുവിശേഷ പ്രഘോഷണം നടത്താൻ ചൈനീസ് മിഷനറിമാർ തയ്യാറെടുക്കുന്നതായ് ക്രിസ്ത്യൻ ടുഡേ റിപ്പോർട്ട് ചെയ്യുന്നു. ഉത്തര കൊറിയയിൽ തങ്ങൾ നേരിടാൻ പോകുന്ന പീഡനങ്ങളെ കുറിച്ച് ബോധാവാന്മാരനെന്നു സുവിശേഷ സംഘത്തിലെ പാസ്റ്റമാർ പറഞ്ഞു. എങ്കിലും പീഡനത്തിനോ മരണത്തിനോ തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നും പിന്തിരിക്കാൻ കഴിയുകയില്ല. ക്രിസ്തുവിനുവേണ്ടി ജീവൻ വെടിയണമെങ്കിൽ അതിനും തങ്ങൾ തയ്യാറാണെന്നും അവർ കൂട്ടി ചേർത്തു.

വേൾഡ് വാച്ച് ലിസ്റ്റ് റിപ്പോർട്ട് പ്രകാരം ലോകത്ത് ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങളിൽ ഒന്നാം സ്ഥാനമാണ് ഉത്തര കൊറിയക്കുള്ളത് (https://www.opendoorsusa.org/christian-persecution/world-watch-list/) ക്രിസ്തുവിനെ പ്രതി നിരവധി മനുഷ്യ ജീവനുകളാണ് അവിടെ പൊലിഞ്ഞത്. രാജ്യത്ത് സുവിശേഷം അറിയിക്കുന്നതിനുള്ള പരിശീലനം ഇപ്പോൾ മിഷനറിമാർക്ക് നൽകികൊണ്ടിരിക്കുകയാണെന്നും മിഷനറി സംഘത്തെ ഉദ്ധരിച്ചുകൊണ്ട് ചൈന ഐഡ് റിപ്പോർട്ട് ചെയ്യുന്നു. പ്രധാനമായും അവിവാഹിതരായ യുവാക്കൾക്കാണ് ഇപ്പോൾ പരിശീലനം നൽകുന്നത്. ഉത്തരകൊറിയയിൽ നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രശ്നങ്ങളേയും എങ്ങനെ കൈകാര്യം ചെയ്യാം എന്നതിനെ സംബന്ധിക്കുന്ന പരിശീലനവും മിഷ്ണറിമാർക്ക് നൽകുന്നുണ്ടെന്നും ഇവർ വെളിപ്പെടുത്തിയിട്ടുണ്ട്.

എല്ലാവരും രാജാവിനെ ആരാധിക്കണം എന്ന വിചിത്ര നീയമം നിലനിൽക്കുന്ന രാജ്യമാണു ഉത്തര കൊറിയ.

# ആത്മാവിലും സത്യത്തിലുമുള്ള ആരാധന

പാസ്റ്റർ ഏബ്രഹാം തോമസ് കോട്ടയം



ശമര്യ പട്ടണത്തിൽ ഒന്നായ സുഖാറിൽവെച്ച് യേശുവും ശമര്യാക്കാരത്തി സ്ത്രീയും തമ്മിൽ നടന്ന സംഭാഷണമധ്യേ യേശു പുതിയനിയമ ആരാധനയെക്കുറിച്ചു പ്രസ്താവിച്ചു. ആരാധനാസ്ഥലം സംബന്ധിച്ച് യെഹൂദന്മാരും ശമര്യാക്കാരും തമ്മിലുള്ള തർക്കം ശമര്യാക്കാരത്തി സ്ത്രീ ചൂണ്ടിക്കാണിച്ചപ്പോൾ യേശു ഇപ്രകാരം മറുപടി പറഞ്ഞു: "ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ (ആരാധിക്കുന്നവർ) ആത്മാവിലും സത്യത്തിലും നമസ്കരിക്കണം (ആരാധിക്കണം)" (യോഹ.4:24). യെഹൂദന്മാരും ശമര്യക്കാരും ആരാധന നടത്തേണ്ട സ്ഥലത്തിന്റെ പ്രാധാന്യതയെക്കുറിച്ച് പറയുമ്പോൾ യേശു പറയുന്നത് ഭൂമിയിലുള്ള ഏതെങ്കിലും പ്രത്യേക സ്ഥലത്തല്ല ആരാധന നടത്തേണ്ടത്, അത് ആത്മാവിൽ ആണെന്നാണ്. ഇവിടെ ആത്മാവ് എന്നു പറഞ്ഞിരിക്കുന്നത് മനുഷ്യാത്മാവിനെ ഉദ്ദേശിച്ചാണ്. അതായത് ഒരുവന്റെ അന്തരാത്മാവിൽ നിന്നുവേണം ആരാധന ഉയർന്നുവരേണ്ടത്. മനുഷ്യനെ ദേഹം, ദേഹി, ആത്മാവ് എന്ന മൂന്നു ഘടകങ്ങളാലാണ് ദൈവം സൃഷ്ടിച്ചത്. ഇതിൽ ദേഹം ലോകബോധം നൽകുന്നു, ദേഹി സ്വയബോധം നൽകുന്നു, ആത്മാവ് ദൈവത്തെക്കുറിച്ചു ബോധം നൽകുന്നു. അതുകൊണ്ട് ദൈവത്തെക്കുറിച്ചു ബോധം നൽകുന്ന മനുഷ്യാത്മാവിനാണ് മറ്റ് രണ്ടു ഘടകങ്ങളെക്കാൾ വിലയുള്ളത്. ഇതു നേടിത്തരാൻ യേശുക്രിസ്തു ജീവനെപ്പോലും ത്യജിക്കാൻ തയ്യാറായെന്നു ശ്രദ്ധിക്കുക.

ആത്മാവിൽ ദൈവത്തെ ആരാധിക്കുക എന്നു പറയുമ്പോൾ ഒരുവന്റെ ആത്മാവ് മറ്റ് രണ്ടു ഘടകങ്ങളെക്കാൾ ഉയർന്നു നിൽക്കുകയും, ആത്മാവിനെ വിധേയപ്പെട്ടും കീഴടങ്ങിയും ദേഹവും ദേഹിയും പ്രവർത്തിക്കയും വേണം. ദേഹമോ (ജഡം), ദേഹിയോ (സ്വയബോധം) ഉയർന്നുനിൽക്കുന്ന ഒരാളിന് ദൈവത്തെ ആരാധിക്കാൻ സാധ്യമല്ല.

ദൈവം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചപ്പോൾ അവരുടെ ആത്മാവിന്റെ തലം ഉയർന്നുനിൽക്കുന്ന അവസ്ഥയിലായിരുന്നു. ആത്മാവിനനുസരിച്ച് അവരുടെ ദൈഹവും ദേഹിയും പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്മൂലം അവർക്ക് ദൈവത്തോടുള്ള കൂട്ടായ്മാബന്ധം പുലർത്താനും ദൈവത്തോടൊത്തു നടക്കാനും കഴിഞ്ഞു. എന്നാൽ, പിശാച് അവരെ ചതിച്ചു. ഹവ്വയിലൂടെ പ്രവർത്തിച്ച പിശാച് അവളുടെ ആത്മാവിന്റെ തലത്തെ താഴ്ത്തിയിട്ട് ദേഹിയുടെ തലം ഉയർത്താൻ ശ്രമിച്ചു. അവളതിൽ വീണുപോയി. എനിക്ക് (ദേഹിതലം) ദൈവത്തെപ്പോലെയാകണം എന്നുള്ള ആശ അവളുടെ ഉള്ളിലുള്ള ആത്മാവിന്റെ ഇച്ഛയ്ക്കും വിലക്കിനും എതിരായി പ്രവർത്തിച്ചു. അവൾ ദേഹിയാൽ (ഞാൻ) നിയന്ത്രിക്കപ്പെടുന്ന ഒരാളായി മാറി. തന്മൂലം ആത്മാവിന്റെ തലം താണുപോകുകയും അവൾ പാപത്തിലകപ്പെടുകയും, തന്റെ ഭർത്താവിനെയും ആ നിലയിലെത്തിക്കുകയും ചെയ്തു. ആത്മാവിന്റെ പ്രമാണിത്തം നഷ്ടപ്പെട്ട ആദിമമാതാപിതാക്കൾക്ക് ദൈവവുമായുള്ള കൂട്ടായ്മാബന്ധം നഷ്ടപ്പെട്ടു. ദൈവത്തിന്റെ മുൻപിൽനിന്ന് അവർ ഓടിയൊളിച്ചു.

യേശുക്രിസ്തുവിലൂടെ നടന്ന വീണ്ടെടുപ്പുമൂലം നഷ്ടപ്പെട്ടുപോയ ആത്മാവിന്റെ തലത്തെ ദൈവം വീണ്ടെടുത്തു. അതിനാൽ വീണ്ടുംജനനം പ്രാപിച്ച ഓരോ വ്യക്തിയിലും ആദിമസൃഷ്ടിയിലെന്നപോലെ ആത്മാവിന്റെ തലം ഉയർന്നിരിക്കയും ദേഹവും ദേഹിയും അതിനു വിധേയപ്പെട്ടിരിക്കയും ചെയ്യും. ഇപ്രകാരമുള്ള ഒരു വ്യക്തിക്കു മാത്രമേ ആത്മാവിൽ ദൈവത്തെ ആരാധിക്കാൻ സാധിക്കൂ. ജഡികനും ഞാനെന്ന ഭാവം (ദേഹി) വിട്ടുകളയാതത്തവനുമായ ഒരു വിശ്വാസിക്ക് ദൈവത്തെ ആത്മാവിൽ ആരാധിക്കാൻ സാധ്യമല്ല.

**നിർമലമനഃസാക്ഷിയോടെ ജീവിക്കാത്തവർക്കും ജഡസ്വഭാവം മുൻപിൽ നിൽക്കുന്നവർക്കും ഞാനെന്ന തലം ഉയർന്നു നിൽക്കുന്നവർക്കും ദൈവത്തെ ആത്മാവിൽ ആരാധിക്കാൻ സാധ്യമല്ല.**

സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ പുതിയനിയമ വിശ്വാസികലെയും പിശാച് വഞ്ചിക്കുമെന്ന് പൗലൊസിലൂടെ ദൈവം മുന്നറിയിപ്പു നൽകുന്നു.

"എന്നാൽ, സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമലതയു വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു" (2 കൊരി. 11:3).

ഹവ്വയുടെ മനസ്സിനെ ദൈവത്തിൽനിന്നുള്ള ഏകാഗ്രതയിൽനിന്ന് തെറ്റിക്കാൻ പിശാചൊരു കെണിയൊരുക്കി. അവൾക്കു ലഭിക്കാൻ പോകുന്ന ദൈവികതുല്യമായ പദവിയെക്കുറിച്ച് മോഹനവാഗ്ദാനം പിശാചു നൽകി. അതിനായി ചെയ്യേണ്ടത് ലളിതമായ ഒരു കാര്യം മാത്രം. വിലക്കപ്പെട്ട ഒരു ഫലം കഴിക്കുക. തനിക്കു ദൈവമാകണമെന്നുള്ള ഉദ്ദേശ്യത്തോടെ ഫലത്തെ നോക്കിയപ്പോൾ അതു മനോഹരവും രുചികരവും ജ്ഞാനം പ്രാപിക്കാൻ കാമ്യവുമെന്ന് അവൾക്കുതോന്നി. ആത്മാവിന്റെ വിലക്കിനെ തഴഞ്ഞിട്ട് അവളുടെ ദേഹി അത് ആഗ്രഹിച്ചപ്പോൾ, ദേഹം അതു ചെയ്തു. അവൾ പാപിയായി മാറി. പുതിനിയമ വിശ്വാസികൾക്ക് ഇതൊരു മുന്നറിയിപ്പാണ്. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമലതയും വിട്ട് വഷളായിപ്പോകാൻ പ്രേരിപ്പിക്കുന്ന മറ്റൊരു ക്രിസ്തുവിനെയും വേറൊരു സുവിശേഷത്തെയും വേറൊരാത്മാവിൽ ഇന്ന് പ്രഘോഷിച്ചുകൊണ്ടിരിക്കുന്നു. അതു ചെയ്യുന്നത് നീതിയുടെ ശുശ്രൂഷകന്മാരുടെ വേഷംധരിച്ച പിശാചിന്റെ ശുശ്രൂഷകന്മാരാണ് (2 കൊരി. 11:15). അവർ ലോകത്തെയും ലോകത്തിലുള്ളതിനെയുംകുറിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു, പ്രവചിച്ചുകൊണ്ടിരിക്കുന്നു. കിട്ടാൻപോകുന്ന നേട്ടങ്ങൾ ഓർത്ത് അനേക വിശ്വാസികളും ഉള്ളിലുള്ള ആത്മാവിന്റെ വിലക്കിനെ തൃണവൽക്കരിക്കുന്നു. ലോകത്തിലുള്ളത് എത്ര വാരിക്കൂട്ടിയിട്ടും ചിലർക്ക് തൃപ്തിവരുന്നില്ല. അവർ പിന്നെയും വാരിക്കൂട്ടാൻ ശ്രമിക്കുന്നു.വേറൊരു യജമാനനായ പണത്തെയും പദവിയെയും ജഡികസുഖങ്ങളെയും ആഡംബരജീവിതത്തെയും വാഗ്ദാനംചെയ്ത് പിശാച് നല്ലൊരുകൂട്ടം വിശ്വാസികളെയും ശുശ്രൂഷകന്മാരെയും തെറ്റിച്ചുകളഞ്ഞു. അവർക്ക് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും ജീവിതത്തിലുണ്ടാകേണ്ട നിർമലതയും നഷ്ടപ്പെട്ടു. എന്നാൽ, വേറൊരാത്മാവിന്റെ വ്യാപാരംനിമിത്തം തങ്ങൾ നഷ്ടപ്പെട്ടുപോയ അവസ്ഥയിലാണെന്ന് ഇക്കൂട്ടർക്കു മനസ്സിലാകുന്നില്ല. അവർ സഭായോഗത്തിലും മറ്റു കൂടിവരവുകളിലും വന്നു പാട്ടുപാടുകയും പ്രാർഥിക്കുകയും പാട്ടിന്റെ ഒടുവിലായി പറഞ്ഞ അന്യഭാഷയുടെ ദൈർഘ്യത്തിനനുസരിച്ച് ഞങ്ങൾ ദൈവത്തെ ആരാധിച്ചു എന്ന മിഥ്യാധാരണയിൽ കടന്നുപോകുകയും ചെയ്യുന്നു.

ആരാധനയെക്കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: "എന്റെ ആത്മാവിൽ ആരാധിക്കുന്ന ദൈവം" (റോമ. 1:10); "ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുന്നു" (ഫിലി.3:3); "ഞാൻ നിർമലമനസാക്ഷിയോടെ ആരാധിക്കുന്ന ദൈവം" (2 തിമൊ. 1:4).

ചുരുക്കത്തിൽ ആരാധന നടക്കേണ്ടത് മനുഷ്യാത്മാവിലും അതു ദൈവത്തിന്റെ നിറവിൽ ആയിരിക്കേണ്ടതും, അതിന് നിർമല മനഃസാക്ഷി ആവശ്യവുമാണ്. നിർമലമനഃസാക്ഷിയോടെ ജീവിക്കാത്തവർക്കും ജഡസ്വഭാവം മുൻപിൽ നിൽക്കുന്നവർക്കും ഞാനെന്ന തലം ഉയർന്നു നിൽക്കുന്നവർക്കും ദൈവത്തെ ആത്മാവിൽ ആരാധിക്കാൻ സാധ്യമല്ല. വർഷത്തിന്റെ പഴക്കം ആരാധനയിൽ വിഷയമല്ല. ഇപ്പോഴത്തെ അവസ്ഥയ്ക്കാണു പ്രാധാന്യം. ആകയാൽ വഞ്ചിക്കപ്പെടരുത്. ജീവിതത്തിൽ ക്രമീകരിക്കാനുള്ളത് ക്രമീകരിക്കുക.

"സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ.8:32).

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

(ഒന്നാം പേജ് തുടർച്ച)

പ്രസാദ് കോശി, സുനിൽ ദാസ്, ബേബി ചെറിയാൻ, ഫിനാൻസ് പാസ്റ്റേഴ്സ് കെന്നഡി പോൾ, ഇ. ലോറൻസ്, സി.ജെ സാമൂവേൽ സോഷ്യൽ വർക്ക് ജിനു കെ. വർഗീസ്, വിൻസന്റ് സാം, ഭക്ഷണം പാസ്റ്റർ വി.വൈ. ജോസ്കുട്ടി, ബ്രദർ സുനിൽ പി. വർഗീസ്. കലണ്ടർ പാസ്റ്റർ ജോസ് തോമസ്, സംഗീതം പാസ്റ്റർ സുനിൽ സോളമൻ & എ.ജി ക്വയർ എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകും.

ജനുവരി 17ന് ചൊവ്വ മുതൽ 21 ശനി വരെ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണിവരെ പൊതുയോഗങ്ങൾ നടക്കും. 17 ചൊവ്വ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കോൺഫൻസും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷക സമ്മേളനവും നടക്കും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. ശനി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ സൺഡേസ്കൂൾ വാർഷികവും 2 മുതൽ 4.30 വരെ സി.എ സമ്മേനവും നടക്കും. ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന പൊതു സഭായോഗത്തോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിക്കും. മലയാളം ഡിസ്ട്രിക്ടിന്റെ പ്രാദേശിക സഭകളിൽനിന്നായി പതിനയ്യാരത്തോളം പേർ പൊതു സഭായോഗത്തിൽ സംബന്ധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ പ്രത്യേക പരിപാടികൾ ആരും നടത്തെരുതെന്നും മുഴുവൻ സഭാജനങ്ങളും ജനറൽ കൺവൻഷനിൽ സംബന്ധിക്കണമെന്നും സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ സാമുവേൽ സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറാറും കൺവൻഷൻ ജനറൽ കോ-ഓർഡിനേറ്ററുമായ പാസ്റ്റർ എ. രാജൻ എന്നിവർ അഭ്യർത്ഥിച്ചിട്ടുണ്ട്.



# “The Lord your God will be with you wherever you go”



**Deepa M Nebu,**
**M.Ed, M.Phil**

*“Have I not commanded you? Be strong and courageous! Do not tremble or be dismayed, for the LORD your God is with you wherever you go.”*

*Joshua 1: 9*

When Moses, God’s servant was dead, the LORD spoke to Joshua the son of Nun to arise and to do accordingly what God said. And God spoke to him: *“Have I not commanded you? Be strong and courageous! Do not tremble or be dismayed, for the LORD your God is with you wherever you go.”* Joshua’s believe in the promise what God has given made him to be successful throughout his life. Believe on the all the promises what God has given to us. There starts our success story. Joshua’s life is an evident proof before us.

Our future is well designed by our Father who is our Creator. In our life when God wants us to do what he planned for us, we should not Question – **“Why LORD Me? But it should be LET THY WILL BE DONE ALL THROUGH MY LIFE.”** In our day to day life we have to Praise God for all our Blessings in Advance. Let us empty ourselves so that let God fills us. **Those who walk with God will surely reach their Destination.**

The ultimate aim of our life should be to be a better person than we were YESTERDAY. What God knows about us is more important than what others think about us. God is the only source of Blessing in our Life. He has given us a new LIFE, so our account should be with our SAVIOUR not with the ones who are around us. **Our relationship with GOD should be our number one focus. We should know that if we take care of our relationship with God, God will take care of everything else. Do the BEST for the LORD, He will surely DO the BEST FOR US. Everything that God does, began with a seed and ends with a HARVEST.**

The years to come will surely be a life with happiness, bundle of joy and God’s blessings on us. **Trust the past to God’s MERCY, the present to God’s LOVE and the future to God’s PROVIDENCE.** Always give thanks to the LORD, for HE is GOOD and HIS STEADFAST LOVE Endures Forever.

If we never tasted a bad apple, we would not appreciate a good apple. We have to experience life to understand God’s mighty plan about us. God’s plans are given to us as His Promise. He doesn’t want his plan to be destroyed by any source. We may not realize it, but God blocks the devil’s plan for our life all the time. The storm that was sent to break us is going to be the storm that God use to make us a BLESSING. He doesn’t want us to deviate from him in any way. Sometimes God calms the storm. Sometimes God let the storm rage and calm his child. **God does not give what we want but God always give what we need.**

When struggles come into our life, believe that God will use them for our GOOD. When we can’t understand things or feel that we are waiting longer believe God wants us to learn something new. When we don’t know what will happen next, always be thankful for God being beside us to give peace in the midst of the storm. **God won’t give us more than what we can bear, He might let us bend but he won’t let us break.**

We are APPLE of His EYES and he will HIDE us in the SHADOW OF HIS WINGS. He will protect his Children through the storm. Whenever we do not understand what’s happening in our life, just close our eyes, take a deep breath and say: **“God I know it is your plan. Just help me through it.” Believe that God will do IMPOSSIBLE in our LIFE.** When God Promises us something, no matter what the situation may look like. His promises will not fail. **Sometimes God doesn’t change our situation because he is trying to Change our Life.**

**God’s Mercy extends to those who fear Him from generation to generation. Fix our eyes on JESUS, the AUTHOR and PERFECTER of our faith.**

God’s Mercy extends to those who fear Him from generation to generation. Fix our eyes on JESUS, the AUTHOR and PERFECTER of our faith. In all things give Him Thanks. God says, **“Those who HOPE in ME will not be Disappointed.” Isaiah 49:23. God will send unexpected MIRACLES into our LIFE.**

Live a happy life just to prove that we won’t matter what happened in our past, refuse to let it beat us. God has a purpose for our pain, a reason for our struggles and a reward for our faithfulness. Don’t give up. **The secret of happy life is giving God the first part of our day, the first priority of every decision and the first place in our heart.** Let us Trust Lord with all our Heart and let us not lean unto our own understanding.

We should live a blessed life- Be kind, Love unconditionally, Give thanks, Be understanding, Inspire others, Encourage, Share our Light, Be hopeful and Count our Blessings and we will see how glorious our life truly is. **Let this be our Prayer: “Jesus I need you to stand by me because without you I cannot stand alone, you are the reason why I am still breathing without you I am nothing.”**Let us train ourselves to find blessings in everything. God says to us, **“I hear your Prayer, Trust my Timings.”** Don’t give up, don’t quit but keep walking, keep trying. There is help and happiness ahead. Just keep your chin up. It will be alright in the end. **Trust God and believe in good things to come. Let us thank God for the closed doors, for not allowing us to settle for second best, every time when we were being rejected from something good, God was re-directing us for something better.**

Faith makes all things possible. When God is making us to wait, we should be prepared to receive more than what we have asked for. God has a purpose for our life. **God has chosen us to be a BLESSING to many. Don’t blame our situation, Don’t be discouraged, Don’t Panic, Just wait, Hold on God, Everything has a Reason and a Season as God’s Promises are fulfilling in our Life. He is there with us wherever we go. God wants to restore everything that’s been stolen from our life.** Let us thank JESUS for being our Comfort when we were lonely, hurt and in need of love. We may feel alone, but God is with us, we may feel unloved, but God loves us, we may feel insignificant, but we are priceless to Him. God has a mighty PLAN for us that no human can ever Dream of.

God speaks to those who take time to LISTEN and He listens to those who take time to PRAY. Sometimes God stays silent until we are ready to listen. The person who is Quiet but who is a Warrior, their prayers can move mountains. Fear can keep us all night long, but faith makes one fine pillow! God is able to bless us abundantly, so that in all things, at all times, having all that we need; we will abound in every good work. **He who began a good work in us will be faithful to complete it.**

*God knows what is BEST FOR US. Everyday is a blessing! Everyday is a new day! If we TRUST God Everything is Possible! God is there with us wherever we go.*



# ഐസിപിഎഫ് പ്രാർത്ഥനാസംഗമം

ഫുജൈറ: ആഗോളതലത്തിൽ കോളേജ്, സ്കൂൾ ക്യാമ്പസുകളിൽ പ്രവർത്തിച്ചുവരുന്ന ഇന്റർ കോളേജിയേറ്റ് പ്രയർ ഫെല്ലോഷിപ്പും യുഎഇ ഫുജൈറ റീജിയൻ പ്രാർത്ഥനാസംഗമം ഫുജൈറ ഡൽഹി ദർബാർ ഹോട്ടലിൽ നടത്തി. ഡിസംബറിൽ ഷാർജ യൂണിയൻ ചർച്ചിൽ വച്ചുനടക്കുന്ന എറൈസ് 2016 യൂത്ത്ക്യാമ്പിനെക്കുറിച്ചു ചർച്ച നടത്തി. ഐസിപിഎഫ് യുഎഇ ചാപ്റ്റർ കോ-ഓർഡിനേറ്റർ സന്തോഷ് ഈപ്പൻ, സ്റ്റാഫ് കൗൺസിലർ ബിബിൻ ഭക്തവത്സലൻ, അസ്സോസിയേറ്റ് കൗൺസിലർ എൽവിൻഗർസിം, ഫുജൈററീജിയൻ പ്രസിഡന്റ് ഡഗ്ലസ് ജോസഫ്, സെക്രട്ടറി ക്രിസ്ജോ, രക്ഷാധികാരികളായ പാ. എം. വിസൈമൺ, കോശി ചാക്കോ, ഡാൽട്ടൻ ജോസഫ്, ഷിന്റു, ഹിമ ബാബു, റിനു, ഹന്ന റേച്ചൽ എന്നിവർ നേതൃത്വം നൽകി .

# ശാരോൻ ഫെല്ലോഷിപ് ചർച് മാവേലിക്കര സെന്റർ കൺവൻഷൻ

മാവേലിക്കര: ശാരോൻ ഫെല്ലോഷിപ് ചർച് മാവേലിക്കര സെന്റർ കൺവൻഷൻ 2017 ജനുവരി 26 മുതൽ 29 വരെ മാവേലിക്കര എ.വി.ജെ ജംക്ഷന് സമീപം തയ്യാർ ചെയ്യുന്ന ഗ്രൗണ്ടിൽ വച്ച് നടക്കും. മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറിയും മാവേലിക്കര സെന്റർ മിനിസ്റ്ററുമായ പാസ്റ്റർ ഫിന്നി ജേക്കബ് ഉദ്ഘാടനം ചെയ്യും. മാനേജിങ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ എബ്രഹാം ജോസഫ്, പാസ്റ്റർ കെ ജെ മാത്യു, പാസ്റ്റർ വർഗീസ് ജോഷ്വാ, പാസ്റ്റർ സുരേഷ് ബാബു തുടങ്ങിയവർ പ്രസംഗിക്കും. ശാരോൻ സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും.




'അവൻ കൃപ' സിഡി ബ്ലസൻ മേമന പാസ്റ്റർ കെ.സി. ജോണിനു നൽകി പ്രകാശനം ചെയ്യുന്നു.

# അവൻ കൃപ് പ്രകാശനം ചെയ്തു

തിരുവല്ല: റാഫ റേഡിയോയുടെ പ്രഥമ സംഗീത ആൽബം 'അവൻ കൃപ' ഡിസംബർ 26നു കോട്ടയത്ത് പിവൈപിഎ സംസ്ഥാന ക്യാമ്പിൽ പ്രമുഖ ഗായകൻ ബ്ലെസ്സൻ മേമന ഐപിസി ജനറൽ സെക്രട്ടറി ഡോ. കെ.സി. ജോണിന് നൽകി പ്രകാശനം ചെയ്തു. പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ അധ്യക്ഷത വഹിച്ചു. ക്രൈസ്തവ എഴുത്തുപുര-റാഫാ റേഡിയോ ടീം നേതൃത്വം നൽകി.

കേരളത്തിലെ പ്രമുഖ കൺവെൻഷൻ സ്റ്റാളുകളിലും ക്രിസ്തീയ ബുക്ക് ഷോപ്പുകളിലും വിദേശ രാജ്യങ്ങളിലും ഈ സി.ഡി. ലഭ്യമാണ്. സിഡി ആവശ്യമുള്ളവർക്ക് ഓൺലൈനിൽ ബുക്ക് ചെയ്യുവാനുള്ള സൗകര്യം ലഭ്യമാണ്.


**പുതുമുഖ എഴുത്തുകാരി ജിജി പ്രമോദ് രചിച്ച പ്രഥമ നോവൽ 'പുതുമഴയായ്' ക്രൈസ്തവ എഴുത്തുപുര പബ്ലിക്കേഷനിലൂടെ ഉടൻ പുറത്തിറങ്ങുന്നു.**

**കോപ്പികൾക്ക് ബന്ധപ്പെടുക:**

**9496327109**



MATRIMONIAL

**ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി (32/5'4"), പ്ലസ് ടു വിദ്യാഭ്യാസം. അനുയോജ്യരായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**

**ഫോൺ: 9947797932, 9562575832**


# സംഗീതം കേൾപ്പിക്കൂ... കുഞ്ഞുങ്ങളിലെ വിഷാദമകറ്റാം

മ്യൂസിക് തെറാപ്പി കുട്ടികളിലെ വിഷാദംകുറയ്ക്കും. ചെറിയകുട്ടികളുടെയും കൗമാരക്കാരുടെയും സ്വഭാവവൈകാരികപ്രശ്നങ്ങളും തെറാപ്പികൊണ്ട് മാറ്റിയെടുക്കാനാകുമെന്നാണ് പുതിയ പഠനം തെളിയിക്കുന്നത്. എട്ടിനും പതിനാറിനും ഇടയിൽ പ്രായമുള്ള 251 പേരിൽ നടത്തിയ ഗവേഷണത്തിന്റെ അടിസ്ഥാനത്തിലാണ് കണ്ടെത്തൽ. ചൈൽഡ് സൈക്കോളജി ആൻഡ് സൈക്യാട്രിയിലാണ് പഠനത്തിന്റെ പൂർണവിവരങ്ങൾ പ്രസിദ്ധീകരിച്ചത്.

മ്യൂസിക് തെറാപ്പിക്കു വിധേയരായ കുട്ടികളിൽ ആശയവിനിമയശേഷിയും പരസ്പരസമ്പർക്കവും കൂടിയതായി കണ്ടെത്തി. കൗമാരക്കാരിൽ സാമൂഹിക ഇടപെടലുകളും വർധിച്ചു. കൗമാരക്കാരിലെയും കുട്ടികളിലെയും മാനസികാരോഗ്യം വീണ്ടെടുക്കാനും സ്വഭാവവൈകൃതങ്ങൾ ഇല്ലാതാക്കാനും മ്യൂസിക്തെറാപ്പിക്കു സാധിക്കും. ബ്രിട്ടനിലെ ബർണമൗത്ത് സർവകലാശാല പ്രൊഫ. സാം പോർട്ടർ പറയുന്നു. കുട്ടികളിലെ മാനസിക പിരിമുറുക്കം മാറ്റാൻ രക്ഷിതാക്കൾക്ക് ഇനി പുതുവഴികൾ തേടിപ്പോകണ്ട എന്നു ചുരുക്കം.






# CHRISTIAN WORLD

Address
Christian World, Alummoodu
P.O., Kollam - 691 577, Kerala
Email: christianworld2006@gmail.com
REG.NO:KERMAL/2006/17464

POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില ₹ 10/- Vol: 12 Issue No: 1 2017 JANUARY 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


## ഗതിഭേദത്താലുള്ള ആച്ഛാദനം ഇല്ലാത്തവൻ




ജെ.പി. വെണ്ണിക്കുളം
jpvennikulam@gmail.com


**നാം ലോകത്തിന്റെ വെളിച്ചമാണ്. നമുക്കും കർത്തവ്യങ്ങളുണ്ട്. ഇരുളിൽ നിന്നും അനേകരെ വെളിച്ചത്തിലേയ്ക്കു നയിക്കുവാനുള്ള തീരുമാനത്തോടെ 2017 നമുക്ക് ആരംഭിക്കാം.**

മാറ്റങ്ങളുടെ ലോകത്തിലാണ് നാം. എല്ലാം വേഗം മാറിക്കൊണ്ടിരിക്കുന്നു. മാറാത്തതായുള്ളതു വചനവും. 'വചനം ദൈവം ആകുന്നു' എന്നും നാം വായിക്കുന്നുണ്ടല്ലോ. അതെ നമ്മുടെ ദൈവം 'ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ' തന്നെ. നമ്മുടെ പിതാവ് വെളിച്ചങ്ങളുടെ പിതാവാണ്. ഇരുൾ ഒട്ടും തന്നെ അവനിലില്ല (1യോഹ. 1:5)..

യാക്കോബ് 1:17 ആണ് ശീർഷകം. ഇവിടെ വെളിച്ചമായി ദൈവത്തെ കാണുന്നു. അതെ വെളിച്ചത്തിൽ വസിക്കുന്നവൻ, വെളിച്ചമായവൻ. അതുകൊണ്ടു തന്നെ നാമും വെളിച്ചത്തിന്റെ മക്കളായി വെളിച്ചത്തിൽ വസിക്കുന്നു. നമ്മെ വിളിച്ചതും 'അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്കാണ്'. വെളിച്ചങ്ങളുടെ പിതാവിൽ നിന്നും പുറപ്പെടുന്നതെല്ലാം നല്ല ദാനങ്ങളാണ്. അവ അനുഭവിക്കാൻ വിളിക്കപ്പെട്ട നമ്മൾ എത്രയോ ഭാഗ്യമുള്ളവരാണ്.. ഇരുളിലെ മാലിന്യങ്ങൾ വെളിച്ചത്തിൽ മാറിപ്പോകണം. മാലിന്യം അവനിൽ ഇല്ലാത്തതിനാൽ നാമും മാലിന്യമുക്തർ ആയിരിക്കണം. ഇവിടെ ആത്മീയ വെളിച്ചം മാത്രമല്ല നമുക്ക് ലഭിക്കുന്നത്, ഭൗതീക വെളിച്ചങ്ങളുടെയും ജ്യോതിസ് വരുന്നതു അവിടെ നിന്നാണ്.

ഇവിടെ പ്രധാനമായി പരാമർശിക്കാൻ ആഗ്രഹിക്കുന്ന ഭാഗം ദൈവം ഗതിഭേദത്താലുള്ള ആച്ഛാദനം ഇല്ലാത്തവൻ ആണെന്നതാണ്. കാരണം നിഴൽ മാറുന്നതുപോലെ അവിടുന്ന് മാറിപ്പോകുന്നില്ല. ഭൗതീക വെളിച്ചങ്ങളുടെ ഉറവിടമായ ജ്യോതിർഗോളങ്ങൾക്കു ഗതിഭേദം ഉണ്ടാകാറുണ്ട്. തന്മൂലം ഇരുളും വെളിച്ചവും മാറിവരുന്നു; ഗ്രഹണം സംഭവിക്കുന്നു. എന്നാൽ ഭൗതീക വെളിച്ചത്തെപ്പോലെ ദൈവം മാറുന്നില്ല. ജ്യോതിർഗോളങ്ങളുടെ ഗതിഭേദത്താൽ ചൂടും തണുപ്പും ഉണ്ടാകുന്നു. എന്നാൽ വെളിച്ചങ്ങളുടെ പിതാവിന് സാഹചര്യങ്ങൾക്ക് അനുസരിച്ചു മാറാൻ കഴിയില്ല. അവന്റെ സ്വഭാവവും ആർക്കും മാറ്റാൻ കഴിയുന്നതുമല്ല. അവിടുന്ന് ആദ്യന്തരഹിതനാണ്. അങ്ങനെയുള്ളവനെ മാത്രമേ ദൈവം എന്ന് വിളിക്കാൻ.

നാം വെളിച്ചത്തിന്റെ മക്കളോ? നമ്മിൽ ഇരുൾ ഒട്ടും ഇല്ലാതിരിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. നാം ലോകത്തിന്റെ വെളിച്ചമാണ്. നമുക്കും കർത്തവ്യങ്ങളുണ്ട്. ഇരുളിൽ നിന്നും അനേകരെ വെളിച്ചത്തിലേയ്ക്കു നയിക്കുവാനുള്ള തീരുമാനത്തോടെ 2017 നമുക്ക് ആരംഭിക്കാം. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

## ക്രിസ്മസ് സംസ്ഥാന ആഘോഷമാക്കി മാറ്റി പഞ്ചാബ് സർക്കാർ

ഗുരുദാസ്പൂർ : സർക്കാർ വകയായി സംസ്ഥാന തലത്തിൽ രക്ഷകനായ യേശു ക്രിസ്തുവിന്റെ ജന്മദിന ആഘോഷം നടത്തുന്ന ഏക സംസ്ഥാനമാണ് പഞ്ചാബ്. ശ്രീ പ്രകാശ് സിംഗ് ബാദലിന്റെ നേതൃത്വത്തിൽ ഉള്ള ശിരോമണി അകാലിദൾ സർക്കാർ അധികാരത്തിൽ വന്ന നാൾ മുതൽ എല്ലാ വർഷവും സംസ്ഥാന തലത്തിൽ പ്രോഗ്രാം നടത്തി വരുന്നു. ഇക്കൊല്ലത്തെ പ്രോഗ്രാം ഗുരുദാസ്പൂർ ജില്ലയിലെ കലാനൂരിൽ വെച്ചു ഡിസംബർ 13നു നടത്തപെട്ടു. പതിനായിരങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ മുഖ്യമന്ത്രി ശ്രീ പ്രകാശ് സിംഗ് ബാദൽ, നിരവധി മന്ത്രിമാർ, എം.എൽ.എമാർ, എം.പി.മാർ, മൈനോറിറ്റി കമ്മിഷൻ ചെയർമാൻ ശ്രീ. മുനവാർ മസിഹ്, ഐ.പി.സി. സംസ്ഥാന സെക്രട്ടറി പാ. കെ. കോശി, വിവിധ ക്രൈസ്തവ സഭാ നേതാക്കന്മാർ എന്നിവർ പങ്കെടുത്തു.

## ക്രിസ്ത്യൻ മാര്യേജ് രജിസ്ട്രാർ ആയി പാസ്റ്റർ കെ. കോശി നിയമിതനായി



ലുധിയാന: ഐ.പി.സി. പഞ്ചാബ് സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ കെ. കോശിയെ ലുധിയാന ഡിസ്ട്രിക്ട് ക്രിസ്ത്യൻ മാര്യേജ് രജിസ്ട്രാർ ആയി പഞ്ചാബ് ഗവണ്മെന്റ് നിയമിച്ചു. ഇന്ത്യ ഗവണ്മെന്റിന്റെ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ് പ്രകാരം ജില്ലാ മജിസ്ട്രേറ്റിന് തുല്യമായ പദവിയാണിത്. നേരത്തെ ഗവ. ഓഫീസിൽ നടത്തി വന്നിരുന്ന വിവാഹ റെജിസ്ട്രേഷൻ ഇപ്പോൾ പഞ്ചാബിലെ ക്രിസ്ത്യാനികൾക്കു ഇപ്പോൾ ക്രിസ്ത്യൻ മാര്യേജ് രജിസ്ട്രാറുടെ പക്കൽ ചെയ്യാവുന്നതാണ്. ചരിത്രത്തിൽ ആദ്യമായാണ് ചില മുതിർന്ന പെന്തകോസ്ത് പാസറ്റർമാർക്ക് 'ക്രിസ്ത്യൻ മാര്യേജ് റെജിസ്ട്രർ' എന്ന ഗവണ്മെന്റ് പദവി ലഭിക്കുന്നത്.

പഞ്ചാബ് ബൈബിൾ കോളേജ് ഡയറക്ടർ കൂടിയാണ് പാസ്റ്റർ കെ. കോശി.










Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: JP Vennikulam